**ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. ഷാജി എസ് )**

വിഷയം:- പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം 2024 -25 വർഷത്തെ അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം -എൽ.പി.എസ്.ടി (തമിഴ്) അന്തിമ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1 . ജി.ഒ പി (നം) 36/91 പി & എ ആർ ഡി തിയതി 02/12/1991.

2.ജി.ഒ പി (നം) 15/89 പി & എ ആർ ഡി തിയതി 22/05/1989.

3. ജി.ഒ പി (നം) 120/99 പി & എ ആർ ഡി തിയതി 22/05/1999

4.ജി.ഒ പി (നം) 12/04 പി & എ ആർ ഡി തിയതി 10/09/2004

5.ജി.ഒ പി (നം) 42/12 പി & എ ആർ ഡി തിയതി 22/08/2012

6.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/11/2024 ലെ DGE/24296/2024 A1 നം കത്ത്.

7 .പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2024 ലെ DGE/20836/2024 A1 നം കത്ത്.

8.സ്ഥലംമാറ്റ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടിക.

9 .01/02/2025 ൽ പ്രസിദ്ധീകരിച്ച ഇതേ നം താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ്

10.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/03/2025 ലെ DGE/20836/2024-A1 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ DDEIDK/243/2025-A2 (2) തീയതി : 28-03-2025**

2024-25 അധ്യയന വർഷത്തെ അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും പരാമർശം 8 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന എൽ.പി.എസ്.ടി (തമിഴ്) അദ്ധ്യാപികയെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള സ്കൂളിലേക്ക് അന്തിമ സ്ഥലം മാറ്റം അനുവദിച്ച ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | അദ്ധ്യാപകന്റെ പേര് തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ,ജില്ല | സ്ഥലം മാറ്റം അനുവദിക്കുന്ന സ്കൂൾ ,ജില്ല | റാങ്ക് | റിമാർക്സ് |
|---|---|---|---|---|---|
| 1 | AIYAMMAL M LPST( Tamil ) | Govt .T T I Kollam Kollam | G H S VANCHIVAYAL | 1 | |

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകർ പരാമർശം 6, 7,10 ലെ നിർദേശ പ്രകാരം 2025 എപ്രൽ 30 നുള്ളിൽ വിടുതൽ ചെയ്ത് ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റമെന്ന് ബോധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതായിരിക്കും.

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ സർവീസ് സീനിയോരിറ്റി ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.ടി

അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ഈ ജില്ലയിലെ ടി തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും.ടി അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുൻപായി ഇതു സംബന്ധിച്ച സത്യവാങ്മൂലം അതാത് അദ്ധ്യാപകരിൽ നിന്നും ലഭ്യമാക്കി ആഫീസ് മേധാവി മേലൊപ്പ് വച്ച് അദ്ധ്യാപകരുടെ സേവനപുസ്തകത്തിൽ പതിക്കേണ്ടതുമാണ്.

ഓൺലൈൻ ജില്ലാതല സ്ഥലം മാറ്റത്തിൽ സീനിയർ അപേക്ഷകരുള്ള പക്ഷം സ്ഥലം മാറ്റം അനുവദിച്ച സ്കൂളിൽ നിന്നും ടി അദ്ധ്യാപികയെ മാറ്റി നിയമിക്കുന്നതായിരിക്കും.

പരാമർശം 6 ഉത്തരവ് പ്രകാരം അധ്യാപകർ ഈ ജില്ലയിൽ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്.അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ച തിയതി ബന്ധപ്പെട്ട പ്രഥമ അദ്ധ്യാപകർ യഥാസമയം ഈ ആഫീസിലേക്ക് അറിയിക്കേണ്ടതാണ്.

**Signed by Shaji S**
**Date: 28-03-2025 11:54:10**

വിദ്യാഭ്യാസ ഉപഡയറക്ടർ

ഇടുക്കി

സ്വീകർത്താവ് :

ബന്ധപ്പെട്ട അദ്ധ്യാപകർ (വെബ് സൈറ്റ് മുഖേന)